**പതിമൂന്നാം കേരള നിയമസഭ**
**പതിനഞ്ചാം സമ്മേളനം**

നക്ഷത്രചിഹ്നമിടാത്ത ചോദ്യം നമ്പർ :1283 03.12.2015-ൽ മറുപടിയ്ക്ക്

തുടർച്ചാനുമതിയില്ലാത്ത റവന്യൂ ഓഫീസുകൾ

ചോദ്യം

ശ്രീ.പി.ഉബൈദുള്ള

മറുപടി

ശ്രീ.അടൂർ പ്രകാശ്
(റവന്യൂവും കയറും വകുപ്പ് മന്ത്രി)

| | | |
|---|---|---|
| (എ) | റവന്യൂ വകുപ്പിൽ തുടർച്ചാനുമതിയില്ലാതെ പ്രവർത്തിക്കുന്ന ലാന്റ് അക്വിസിഷൻ, റവന്യൂ റിക്കവറി ഓഫീസുകൾ എത്രയുണ്ടെന്നും അവിടെയുള്ള ജീവനക്കാരുടെ എണ്ണവും വെളിപ്പെടുത്തുമോ; | 89 ലാന്റ് അക്വിസിഷൻ യൂണിറ്റുകളിലായി 1399 ഉം, 20 റവന്യൂ റിക്കവറി ഓഫീസുകളിലായി 424 ജീവനക്കാരുമുണ്ട്. ഇതിൽ റവന്യൂ റിക്കവറി വിഭാഗത്തിൽപ്പെട്ട 17 ജീവനക്കാർ കേരള ഫിനാൻഷ്യൽ കോർപ്പറേഷനിലാണ് പ്രവർത്തിക്കുന്നത്. |
| (ബി) | തുടർച്ചാനുമതിയില്ലാത്തതിനാൽ ജീവനക്കാരുടെ ശമ്പളബിൽ ട്രഷറി നിരസിക്കുകയും വേതനം മുടങ്ങുകയും ചെയ്ത സാഹചര്യം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; | ഉണ്ട്. |
| (സി) | 2015 മാർച്ചിൽ ഓഫീസുകളുടെ പ്രവർത്തന കാലയളവ് അവസാനിച്ചിട്ടും തുടർച്ചാനുമതി നൽകുന്നതിനുള്ള നടപടികൾ സ്വീകരിക്കാത്തതിന്റെ കാരണം വെളിപ്പെടുത്തുമോ ; | 20/06/2015 ലെ ജി.ഒ (ആർ.റ്റി )നം.3191/15/ ആർ.ഡി , 06/08/2015 ലെ ജി.ഒ (ആർ.റ്റി ) നം.4150/15/ആർ.ഡി , 06/08/2015 ലെ ജി.ഒ (ആർ.റ്റി) നം.4151/15/ആർ.ഡി സർക്കാർ ഉത്തരവുകൾ പ്രകാരം യഥാക്രമം സ്പെഷ്യൽ ലാന്റ് അക്വിസിഷൻ യൂണിറ്റുകൾ, ലാന്റ് അക്വിസിഷൻ ജനറൽ യൂണിറ്റുകൾ, ലാന്റ് അക്വിസിഷൻ ദേശീയ പാത യൂണിറ്റുകൾ എന്നിവയ്ക്ക് 30/09/2015 വരെയും 07/08/2015 ലെ ജി.ഒ(ആർ.റ്റി) നം.4176/15/ആർ.ഡി നംപർ സർക്കാർ ഉത്തരവ് പ്രകാരം റെയിൽവേക്കായുള്ള തിരുവനന്തപുരം, കൊല്ലം, എറണാകുളം, പെരുമ്പാവൂർ, ഗുരുവായൂർ, തിരൂർ എന്നീ ലാന്റ് അക്വിസിഷൻ യൂണിറ്റുകൾക്ക് 31/08/2015 വരെയും , കായംകുളം, പാല, കോട്ടയം എന്നീ റെയിൽവേക്കായുള്ള ലാന്റ് അക്വിസിഷൻ യൂണിറ്റുകൾക്ക് 31/07/2015 വരെയും തുടർച്ചാനുമതി നൽകിയിട്ടുണ്ട്. ഈ കാലാവധിക്ക ശേഷം തുടർച്ചാനുമതിക്കുള്ള ശുപാർശ സർക്കാരിന്റെ പരിഗണനയിലാണ്. |

| | | |
|---|---|---|
| (ഡി) | പ്രസ്തുത ഓഫീസുകളിൽ ഏതെങ്കിലും നിർത്തലാക്കാൻ ഉദ്ദേശിക്കുന്നുണ്ടോ; പ്രസ്തുത ജീവനക്കാരെ റവന്യൂ വകുപ്പിന്റെ മറ്റ് ഓഫീസുകളിൽ പുനർവിന്യസിക്കുന്നതിന് നടപടികൾ സ്വീകരിച്ചിട്ടുണ്ടോ; വിശദാംശം നൽകുമോ ? | 7/08/2015 ലെ ജി.ഒ (ആർ.റ്റി ) നം.4176/15/ ആർ.ഡി നംപർ സർക്കാർ ഉത്തരവ് പ്രകാരം തിരുവനന്തപുരം, കൊല്ലം, എറണാകുളം, പെരുമ്പാവൂർ, ഗുരുവായൂർ,തിരൂർ എന്നിവിടങ്ങളിലെ 6 എൽ.എ യൂണിറ്റുകൾ 31.08.2015 മുതൽ നിർത്തലാക്കുകയും അപ്രകാരം 51 തസ്തികകൾ പുനർവിന്യസിക്കുകയുമുണ്ടായി. കൂടാതെ 20.6.2015 ലെ ജി.ഒ (ആർ.റ്റി) നം. 3191/2015/ ആർ.ഡി സർക്കാർ ഉത്തരവ് പ്രകാരം കണ്ണൂർ എയർപോർട്ടിന്റെ പൊന്നുംവില നടപടികൾക്കായിട്ടുള്ള മൂന്ന് എൽ.എ യൂണിറ്റിൽ നിന്നും രണ്ട് വീതം സർവേയർമാരുടെ തസ്തികകൾ നിർത്തലാക്കുകയും അവരെ പുനർവിന്യസിക്കുകയും ചെയ്തിട്ടുണ്ട്. നിലവിൽ താല്ക്കാലിക പൊന്നുംവില ആഫീസുകളിൽ പുനർവിന്യസിക്കാൻ അധിക തസ്തികകൾ ഒന്നും തന്നെ ഇല്ല. |

**സെക്ഷൻ ഓഫീസർ**